# എം.എസ്.സി ക്ലിനിക്കൽ ആൻറ് കൗൺസലിങ് സൈക്കോളജി അപേക്ഷ ക്ഷണിച്ചു

..........................................................................

കണ്ണൂർ സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിൽ നടത്തുന്ന ദ്വിവത്സര എം.എസ്.സി ക്ലിനിക്കൽ ആൻറ് കൗൺസലിങ് സൈക്കോളജി കോഴ്സ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രവേശന പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം.

മന:ശാസ്ത്ര പഠനത്തിന് വ്യക്തമായ ശാസ്ത്രീയ അടിത്തറയും പരിശീലനവും പ്രദാനം ചെയ്യുവാനായി കണ്ണൂർ സർവകലാശാല നടത്തിവരുന്ന ബിരുദാനന്തര ബിരുദ കോഴ്സാണ് എം.എസ്.സി ക്ലിനിക്കൽ ആൻറ് കൗൺസലിങ് സൈക്കോളജി. ഇന്നത്തെ ആരോഗ്യ രംഗം വളരെ അധികം പ്രാധാന്യം നൽകുന്ന ശാസ്ത്ര ശാഖയാണ് മന:ശാസ്ത്രം. വ്യക്തമായ രോഗ നിർണയത്തിലൂടെയും ചികിത്സയിലൂടെയും രോഗികൾക്കുണ്ടാകുന്ന മാറ്റം നേരിട്ട് പഠിക്കാനുള്ള അവസരം ഈ കോഴ്സ് പ്രദാനം ചെയ്യുന്നു. ക്ലിനിക്കൽ മേഖലയിലും കൗൺസലിങ് മേഖലയിലും മനോനില മനസ്സിലാക്കുവാനുള്ള ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പ്രായോഗിക പരിശീലനവും ഓരോ സെമസ്റ്ററിലും ഉൾപ്പെടുത്തിയിട്ടുണ്ട്. 11 കോർ പേപ്പറുകളും 4 പ്രാക്ടിക്കൽ പേപ്പറുകളും 5 ഇലക്ടീവ് പേപ്പറുകളും ഉൾക്കൊള്ളുന്നതാണ് സിലബസ്. തുടർപഠനത്തിനും പ്രവർത്തനത്തിനും ഗവേഷണത്തിനും പ്രയോജനപ്പെടുന്ന രീതിയിൽ ഓരോ സെമെസ്റ്ററുകളും ക്രമീകരിച്ചിരിക്കുന്നു.

ഏതെങ്കിലും ഒരു വിഷയത്തിൽ 50% മാർക്കിൽ കുറയാതെയുള്ള ബിരുദമാണ് യോഗ്യത. അവസാന സെമസ്റ്റർ/വർഷ ബിരുദഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. വിദ്യാർഥികൾ അഡ്മിഷന്റെ അവസാന തീയതിക്കകം നിശ്ചിത യോഗ്യത നേടിയിരിക്കണം. www.admission.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ ജൂലൈ 26 നു മുൻപായി ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.പൊതു വിഭാഗത്തിന് 420 രൂപയും എസ്.സി/എസ്.ടി വിഭാഗങ്ങൾക് 100 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്.SB Collect മുഖാന്തിരം ഓൺലൈനായി മാത്രം ഫീസ് അടക്കുക. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് സൂക്ഷിച്ചു വെച്ച് അഡ്മിഷൻ സമയത് പഠനവകുപ്പിൽ സമർപ്പിക്കുക.

വിശദ വിവരങ്ങൾക്ക്www.admission.kannuruniversity.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. സംശയങ്ങൾക്ക് ഫോൺ മുഖാന്തിരം ബന്ധപ്പെടുക - 0497-2715261, 7356948230.